LIBRARY ARCHIVES Kerala Legislative Assembly

വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

31(35) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിലേയ്ക്കായി ഭരണ വകുപ്പ് മുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള തീരദേശ വികസന കോർപ്പറേഷൻ (KSCADC) 4.19 കോടി രൂപയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് തയ്യാറാക്കിയിട്ടുള്ള അവലോകന റിപ്പോർട്ട് കിഫ്ബിയുടെ അടുത്ത ബോർഡ് മീറ്റിംഗിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് അനുവദിച്ചത്; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ?

ബോർഡ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് കിഫ്ബിയിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്.

വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം

32(36) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ വെഞ്ഞാറമൂട് ഫ്ലൈ ഓവർ ആദ്യം ടെണ്ടർ ചെയ്തുവെങ്കിലും രണ്ട് കരാറുകാരിൽ ഒരാൾ മാത്രം സാങ്കേതിക യോഗ്യത ചെയ്ത സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി റീ-ടെണ്ടർ നിർദ്ദേശിച്ചു. റീ-ടെണ്ടർ ചെയ്തപ്പോഴും സിംഗിൾ ടെണ്ടർ ആയിരുന്നെങ്കിലും, സാങ്കേതികമായി യോഗ്യത നേടിയതിനാൽ രണ്ടാം ടെണ്ടർ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് അംഗീകരിക്കാവുന്ന തുകയായ 10%-നെക്കാൾ